പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 285 — 16.12.2015- ൽ മറുപടിക്ക്

## ഡയാലിസിസിന് വിധേയരാകുന്ന രോഗികൾ

ചോദ്യം
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി സാമൂഹ്യനീതി വകുപ്പ് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) | വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന 'സമാശ്വാസം ' പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ 1100/- രൂപ പ്രതിമാസ ധനസഹായമായി നൽകി വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാനത്ത് വൃക്കരോഗങ്ങൾ മൂലം ഡയാലിസിസിന് വിധേയരാകു ന്നവരിൽ ഭൂരിഭാഗം പേരും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ പെടുന്നവരാണ്. തുടർച്ചയായുള്ള ഡയാലിസിസും മരുന്നും ആശുപത്രിയിലേയ്ക്കുള്ള യാത്രാ ചെലവുകളും വൃക്ക രോഗികളെ മാനസികമായി തളർത്തുകയും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. രോഗിയെ പരിചരിക്കാൻ ഒരു കുടുംബാംഗത്തിന്റെ സേവനം പൂർണ്ണമായും ആവശ്യമായതിനാൽ കുടുംബത്തിന്റെ വരുമാനവും നിലയ്ക്കുന്നു. കേവലം ആരോഗ്യപ്രശ്ന മെന്നതിലുപരി സാമൂഹ്യപ്രശ്നമായി തന്നെ വൃക്കതകരാറിലായി ഡയാലിസിസിനു വിധേയമാകു ന്നവരുടെ പ്രശ്നങ്ങൾ കണക്കാക്കി ഇവർക്ക് ചെറിയൊരു ആശ്വാസമെന്ന നിലയിൽ പ്രതിമാസ ധനസഹായം അനുവദിച്ച് സഹായിക്കുക എന്ന ഉദ്ദേശത്തോടു കൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "സമാശ്വാസം" പദ്ധതി. |

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയ്ക്ക് 2235-60-200-72(00) നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി 3.15 കോടി രൂപ അനുവദിച്ച് നൽകുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിൽ മിഷൻ പ്രവർത്തന ങ്ങൾക്കും മിഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾക്കുമായി 2235-60-200-72 (00) നോൺ പ്ലാൻ ശീർഷകത്തിൽ 3.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോ ഗിച്ചാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ബി.പി.എൽ വിഭാഗത്തി ലുള്ള രോഗികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസറുടെ ശുപാർശ യോടുകൂടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നൽകുന്ന മുറയ്ക്ക് അർഹതയ്ക്ക് വിധേയമായി അനുവദിച്ചു വരുന്നു. ബഡ്ജറ്റ് വിഹിതത്തിന് പുറത്തുള്ള തുക മിഷന് ലഭിക്കുന്ന സംഭാവന തുകയിൽ നിന്നാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ